**മാതളനാരകത്തിന്റെ നിർവചനം**

**I. മാതളനാരകങ്ങൾ ജീവന്റെ നിറവിനെയും, ജീവന്റെ സമൃദ്ധിയെയും സൗന്ദര്യത്തെയും, ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരത്തെയും സൂചിപ്പിക്കുന്നു**

- വിത്തുകളോടുകൂടിയ വിളഞ്ഞ മാതളം ജീവന്റെ നിറവിന്റെയും ജീവന്റെ സമൃദ്ധിയുടെയും സൗന്ദര്യത്തിന്റെയും മതിപ്പ് നൽകുന്നു
- ഗോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവുമായി നാം ക്രിസ്തുവിനെ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതിലൂടെ മാതളനാരകം എന്ന നിലയിലുള്ള ക്രിസ്താനുഭവം നമ്മിൽ ഉളവാകുന്നു
- നാം പക്വതയിലേക്ക് ജീവനിൽ വളരുന്നുവെങ്കിൽ, നാം മാതളനാരകങ്ങളായിത്തീരും

**പഴയ നിയമത്തിലെ മൂന്ന് ഭാഗങ്ങളിലുള്ള മാതളനാരകത്തിന്റെ പ്രയോഗം**
**ഒന്നാമത്തേത്—പുറ. 28:33-34**
**മഹാപുരോഹിതന്റെ മേലങ്കി**

**II. സഭയെ സൂചിപ്പിക്കുന്ന മഹാപുരോഹിതന്റെ മേലങ്കിയുടെ കീഴ്ഭാഗത്ത് മാതളപ്പഴങ്ങളും സ്വർണ മണികളും ഉണ്ടായിരുന്നു**

- സഭ അവളുടെ മനുഷ്യത്വത്തിൽ ജീവനാൽ നിറഞ്ഞതായിരിക്കണം; ഇതാണ് ചണനൂൽകൊണ്ട് ഉണ്ടാക്കിയ മാതളപ്പഴങ്ങളുടെ പ്രാധാന്യം
- ജീവന്റെ നിറവിനെ ആവിഷ്കരിക്കുവാനുള്ള മനുഷ്യത്വവും, മുന്നറിയിപ്പിന്റെ ശബ്ദമായ സ്വർണമണികളുടെ മുഴക്കത്തിനായുള്ള ദിവ്യത്വവും ശരിയായ സഭാജീവിതത്തിന്റെ അടയാളങ്ങളാണ്

**രണ്ടാമത്തേത്—1 രാജാ. 7:18-20**
**ആലയത്തിലെ സ്തംഭങ്ങൾ**

**III. ആലയത്തിലെ സ്തംഭങ്ങളുടെ തലയ്ക്കലുള്ള പോതികകൾക്കു ചുറ്റുമുള്ള ഇരുനൂറ് മാതളപ്പഴങ്ങൾ ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരത്തെ സൂചിപ്പിക്കുന്നു**

- താമ്രം—നമ്മെ ന്യായികരിക്കാതെ നമ്മെത്തന്നെ വിധിക്കുകയും നാം ഒന്നുമല്ല എന്ന് കരുതുകയും ചെയ്യുക
- വലപോലെയുള്ള വിചിത്രപണിയും, പിന്നിയ മാലപ്പണിയും—ഇടകലർന്നതും സങ്കീർണവുമായ സാഹചര്യങ്ങൾ
- താമരപ്പൂവ് (ലില്ലിപുഷ്പം)—ദൈവത്തിലുള്ള വിശ്വാസത്താലുള്ള ജീവിതം
- മാതളപ്പഴം—ജീവന്റെ സമ്പന്നത
- ഓരോ നൂറു മാതളപ്പഴങ്ങളിൽ തൊണ്ണൂറ്റാറെണ്ണം പുറമെ കാണപ്പെട്ടിരുന്നു, നാലെണ്ണം മറയ്ക്കപ്പെട്ടിരുന്നു
- തൊണ്ണൂറ്റാറ്—എട്ട് ഗുണം പന്ത്രണ്ട് ആണ്. എട്ട് പുനരുത്ഥാനത്തിന്റെ പുതുമയെ സൂചിപ്പിക്കുന്നു. പന്ത്രണ്ട് നിത്യ പൂർണതയെ കാണിക്കുന്നു. ആയതിനാൽ തൊണ്ണൂറ്റാറ്, ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരം പുനരുത്ഥാനത്തിന്റെ പുതുമയിലും ആത്മാവിലും നിത്യമായി പൂർണതയുള്ളതാണ് എന്നാണ്.
- നാല് സ്വാഭാവിക മനുഷ്യനെ സൂചിപ്പിക്കുന്നു. നാലെണ്ണം മറയ്ക്കപ്പെട്ടിരുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത് നമ്മുടെ സ്വാഭാവിക ആളത്തവും, നമ്മുടെ സ്വാഭാവിക ജീവനും, നമ്മുടെ സ്വയവും മറയ്ക്കപ്പെട്ടിരിക്കണം എന്നാണ്. അപ്പോൾ ആത്മിക വായുവിന്റെ യാഥാർഥ്യത്തിലുള്ള ക്രിസ്തുവിന്റെ ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരമായ തൊണ്ണൂറ്റാറ് മാതളപ്പഴങ്ങളുണ്ട്.

**മൂന്നാമത്തേത്—ഉത്തമഗീതം**
**അന്വേഷകയുടെ പുരോഗമനപരമായ അനുഭവം**

**IV. ക്രിസ്തുവുമായുള്ള ഒരു വ്യക്തിഗത വിശ്വാസിയുടെ സ്നേഹനിർഭരമായ കൂട്ടായ്മയുടെ പുരോഗമനപരമായ അനുഭവത്തിൽ, മാതളപ്പഴങ്ങൾക്ക് ആത്മിക പ്രാധാന്യമുണ്ട്**

- അവൾ വ്യക്തിഗതമായ് ജീവന്റെ സൗന്ദര്യത്തെ ആവിഷ്കരിക്കുന്നു
- അവൾ കർത്താവിനു വേണ്ടി വേല ചെയ്യുന്നു. പ്രത്യേകിച്ച് ജീവന്റെ വേലയായ ഒരു തോട്ടം പണിയുന്നു
- അവൾ കർത്താവിന് വേണ്ടിയല്ല മറിച്ച് കർത്താവിനോടു ചേർന്ന് ഒരുമിച്ച് വേല ചെയ്യുന്നു
- മാതളപ്പഴത്തിൻ ചാറുകൊണ്ട് അവനെ തൃപ്തിപ്പെടുത്തുക മാത്രമല്ല വീഞ്ഞു കൊണ്ട് അവനെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു
- കെട്ടി അടയ്ക്കപ്പെട്ടിരിക്കുന്ന ഒരു തോട്ടമെന്ന നിലയിൽ അവൾ ഇപ്പോൾ ജീവനിൽ സമ്പന്നയാണ്

**മാതളനാരകത്തിന്റെ പുതിയ നിയമ യാഥാർഥ്യം**
**ജീവനിലുള്ള പൂർണ വികാസവും പക്വതയും**

**V. രണ്ട് പത്രൊസ് 1:3-8-ൽ നമുക്ക് ദിവ്യപ്രകൃതത്തിന്റെ ആസ്വാദനത്തിലൂടെ ശ്രേഷ്ഠമായ നന്മകളുടെ വികാസം ഉണ്ട്**

- **വിത്ത്**
  - വിശ്വാസം—ദൈവം നമുക്ക് പകുത്തു നൽകിയിരിക്കുന്ന തുല്യമായ വിലയേറിയ വിശ്വാസം
- **വേര്**
  - നന്മ—എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന്, സകല ഉൽകൃഷ്ട ഗുണങ്ങളും നടപ്പിലാക്കുവാൻ നമ്മെ പ്രാപ്തമാക്കുന്ന ജീവ ഊർജം
  - പരിജ്ഞാനം—ജീവനെയും ദൈവികതയെയും സംബന്ധിച്ച സകല കാര്യങ്ങളുടെയും പരിജ്ഞാനം
- **തായ്ത്തടി**
  - ഇന്ദ്രിയജയം—ഒരു വൃക്ഷം വളരുമ്പോൾ, വേര് പടരുന്നു എന്നാൽ തായ്ത്തടി മുകളിലേക്ക് പരിമിതപ്പെടുത്തപ്പെട്ട നിലയിൽ വളരണം. ഇന്ദ്രിയജയം നമ്മോടുതന്നെ ഇടപെടുന്നതാണ്
- **ശാഖകൾ**
  - സഹിഷ്ണുത—സഹിഷ്ണുത പ്രയോഗിക്കുക എന്നാൽ, മറ്റുള്ളവരെയും സാഹചര്യങ്ങളെയും സഹിക്കുക എന്നാണ്
  - ദൈവികത—ദൈവത്തെപ്പോലെയുള്ളതും ദൈവത്തെ ആവിഷ്കരിക്കുന്നതുമായ ജീവിതം ഉണ്ടാകണം
- **പുഷ്പവും ഫലവും**
  - സാഹോദരസ്നേഹം—മാനുഷിക സ്നേഹം. ലോകത്തിന് മുമ്പാകെ നമ്മുടെ സാക്ഷ്യവും, ഫലം കായ്ക്കുവാനും.
  - സ്നേഹം—ദൈവം തന്റെ സ്വഭാവത്തിൽ ആയിരിക്കുന്നതായ ദിവ്യസ്നേഹം—അഗാപ്പെ. മാനുഷിക സ്നേഹത്തെക്കാൾ പ്രാപ്തിയിൽ ശക്തവും, കാര്യശേഷിയിൽ ശ്രേഷ്ഠവും